**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6559** **21.11.2019 ൽ മറുപടിയ്ക്ക്**

## മൂന്നാർ ടൗൺ പ്ലാനിംഗ് പദ്ധതി

| | ചോദ്യം<br>ശ്രീ.പി.ടി. തോമസ് | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | മൂന്നാറിൽ നൽകിയിട്ടുളള രവീന്ദ്രൻ പട്ടയങ്ങൾ അനധികൃതമാണോ എന്ന് പരിശോധിക്കുവാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കാമോ; | ഉണ്ട്. ദേവികുളം തഹസിൽദാരുടെ നേതൃത്വത്തിൽ രണ്ട് പരിശോധനാ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നു. ഓരോ ടീമിലും ഒരു ഡെപ്യൂട്ടി തഹസിൽദാർ, രണ്ട് ക്ലാർക്കുകൾ, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു സർവ്വേയർ എന്നിവർ ഉൾപ്പെടുന്നു. |
| (ബി) | ഇടുക്കിയിൽ പാട്ടവ്യവസ്ഥ ലംഘിച്ച് കെട്ടിടങ്ങൾ പണിയുകയും കൃഷി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്ത ഭൂമിയുടെ പട്ടയം റദ്ദാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | പാട്ടവ്യവസ്ഥ ലംഘിച്ച കേസുകളിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മൂന്നാറിൽ പുതിയ ടൗൺ പ്ലാനിംഗ് പദ്ധതി പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഉണ്ട്. മൂന്നാർ പ്രദേശത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് അനുഗുണമായവിധം മാത്രമായിരിക്കണമെന്നും, ഉപയോഗിക്കുന്ന വൈദ്യുതിയുടെ മുഖ്യ പങ്കും സോളാർ പാനൽ സ്ഥാപിച്ച് ഉത്പാദിപ്പിക്കണമെന്നും, മഴവെള്ള സംഭരണി നിർമ്മിക്കണമെന്നും, മെച്ചപ്പെട്ട മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കണമെന്നുമുള്ള നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ട് വട്ടവട, ചിന്നക്കനാൽ ഒഴികെയുള്ള മേഖലകൾ ഉൾപ്പെടുന്ന ഒരു ടൗൺ പ്ലാനിംഗ് സ്കീമിന് രൂപം നൽകുന്നത് സംബന്ധിച്ച നിർദ്ദേശം 22/8/2019 ലെ സ.ഉ.(കൈ)269/2019/റവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ